ശ്രീ. കെ. കൃഷ്ണൻ : തലപ്പള്ളി താലൂക്കിൽ ചൊവ്വന്നൂർ ബ്ലോക്കിൽപ്പെട്ട പഴനിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ തുടങ്ങുന്നതിനു് ഗവണ്മെൻറിന്റെ എല്ലാ കണ്ടിഷൻസും അംഗീകരിക്കാൻ തയാറായിട്ടും അവിടെ തുടങ്ങാത്തതിന്റെ കാരണമെന്താണെന്നു പറയാമോ? ഈ കൊല്ലം തന്നെ തുടങ്ങാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചൊവ്വന്നൂരിൽ ഈ വർഷം തന്നെ പ്രൈമറി ഹെൽത്ത് സെൻറർ തുടങ്ങുന്നതാണു്. അതിനാവശ്യമായ റക്കമെൻറേഷൻ വന്നു കഴിഞ്ഞാൽ ഉടനെ തന്നെ ആരംഭിക്കുന്നതാണു്.

ശ്രീ. സി. എ. മാത്യു : സാധാരണ ഡിസ്പെൻസറികളെല്ലാം പ്രൈമറി ഹെൽത്ത് സെൻററായിട്ടു് മാററാൻ ഒരു സ്കീമുണ്ടായിരുന്നു. ആ സ്കീം ഇപ്പോഴും നിലവിലുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സാധാരണ ഡിസ്പെൻസറികളെല്ലാം പ്രൈമറി ഹെൽത്ത് സെൻററായിട്ടു് മാററാൻ സാധിക്കുകയില്ല. ഏതെങ്കിലും ബ്ലോക്കുകളിൽ ആവശ്യത്തിനു മെഡിക്കൽ ഇൻസ്റിററ്യൂഷനുകളും ഉണ്ടെങ്കിൽ പുതിയതായി പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കാതെ അതിനെത്തന്നെ പ്രൈമറി ഹെൽത്ത് സെൻററാക്കാവുന്നതാണു്.

കായൽ പുഞ്ചനിലങ്ങൾക്കു് പുറംചിറകളും ഉറപ്പിക്കുന്നതിനുള്ള സ്കീം.

* 862. [3] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ കായൽ പുഞ്ചനിലങ്ങൾക്കു പുറംചിറകളും സ്ഥിരമായി ഉറപ്പിക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു് ;

(സി) കുട്ടനാടിന്റെ ഭാഗങ്ങളായി വൈക്കം താലൂക്കിലുള്ള പുഞ്ചകരിനിലങ്ങൾക്കു സ്ഥിരമായ പുറംചിറയില്ലാത്തതുകൊണ്ടു് ഉണ്ടാകുന്ന നാശനഷ്ടങ്ങളും ബുദ്ധിമുട്ടുകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ നിലങ്ങൾക്കു പുറംചിറയിടുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ;

(ഇ) വൈക്കം എൻ ഈ. എസ്സു്. ബ്ലോക്കിൽ നിന്നും ഇതിനുള്ള ഒരു പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(എഫു്) ഇക്കാര്യത്തിൽ ഉടനടി ആവശ്യമായ നടപടികളും കൈക്കൊള്ളുവാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ചില ആലോചനകളും നടത്തിയിട്ടുണ്ടു്. ഇപ്പോൾ സ്കീം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പൊതുവിൽ നാശനഷ്ടങ്ങൾ ഉള്ളതായി പരാതി ലഭിച്ചിട്ടില്ല. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വൈക്കം താലൂക്കിലുള്ള ചില പാടങ്ങളിലും, കടവീഴ്ച ഉണ്ടാകാറുള്ളതായി അറിയാം.

(ഡി) ഇല്ല.

(ഇ) ഉണ്ടു്.

(എഫു്) ഇതു് പരിശോധനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ സ്കീം ഈ വർഷം കട്ടനാടൻ ഏരിയായിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ ഇ. പി. പൗലോസ് : കട്ടനാട്ടിൽ പൊതുവേ വല്ല വിദേശ രാജ്യങ്ങളുടെ സഹായത്തോടുകൂടി ഒരു സ്കീം നടപ്പിലാക്കാൻ സാധിക്കുമോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചുവരുന്നുണ്ട്.

വെൽഫെയർ സ്കൂളുകൾ

* 863. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര വെൽഫെയർ സ്കൂളുകൾ ഉണ്ട്;

(ബി) എഡ്യൂക്കേഷൻ റൂൾസ് അനുസരിച്ച് ഇവയിൽ എത്രയെണ്ണത്തിനു കെട്ടിടമുണ്ട്;

(സി) ബ്ലോക്ക് ഫണ്ടിൽനിന്നും സ്വന്തംകെട്ടിടം പണിയുന്നതിന് മേൽപ്പറഞ്ഞ സ്കൂളുകളിൽ ഏതിനെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 182.

(ബി) ഇരുപത്തെണ്ണത്തിനു്.

(സി) ഉണ്ടു്. കൊല്ലം ജില്ലയിൽ വെട്ടിക്കവല ബ്ലോക്കിൽനിന്നു് 13,440 രൂപ കൊട്ടാരക്കരയിലുള്ള കുളക്കട വെൽഫെയർ സ്കൂളിനും കോട്ടയം ജില്ലയിൽ ഈരാറുപേട്ട ബ്ലോക്കിൽനിന്നു് 1,250 രൂപ തലപ്പലം വെൽഫെയർ സ്കൂളിനും, തിരുവനന്തപുരം ജില്ലയിൽ പെരുംകടവിള ബ്ലോക്കിൽനിന്നു് 15,000 രൂപ നെയ്യാറിൻകര താലൂക്കിലുള്ള കുന്നത്തുകാൽ വെൽഫെയർ സ്കൂളിനും അനുവദിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട കുളക്കട വെൽഫെയർ സ്കൂളിനു് മണ്ണടി ബ്ലോക്കിൽനിന്നും പണം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: കുന്നത്തുകാൽ വെൽഫയർ സ്കൂളിനു് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: ഞാൻ ചോദിച്ചതു് കൊട്ടാരക്കരയിലുള്ള കുളക്കട വെൽഫെയർ സ്കൂളിന്റെ കാര്യമല്ല. കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ടയിലുള്ള കുളക്കട വെൽഫെയർ സ്കൂളിനു് മണ്ണടി ബ്ലോക്കിൽനിന്നും പണം അനുവദിച്ചിട്ടുണ്ടോയെന്നാണു് അറിയേണ്ടതു്?

ശ്രീ. കെ. കുഞ്ഞമ്പു: എന്റെ കൈവശം കിട്ടിയ രേഖയിൽനിന്നും അതു് കാണുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വെൽഫെയർ സ്കൂളുകളിൽ അടുത്തകാലത്തായി ഇൻസ്പെക്ഷൻ നടത്തുന്നതിലേക്കുവേണ്ടി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു് വിട്ടുകൊടുക്കുകയുണ്ടായി. അതിനുശേഷം വെൽഫെയർ സ്കൂളുകളിൽ ആവശ്യത്തിനുള്ള ഉപകരണങ്ങളില്ലെന്നും പ്രാഥമികാവശ്യത്തിനുള്ള കെട്ടിടങ്ങളും പോലുമില്ലെന്നും, ക്ലാസുകൾ നടത്തുന്നതു് പൊറിയ പൊറിയ കടമുറികളിൽ വെച്ചാണെന്നും കാണിച്ചു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു് ഗവണ്മെന്റിലേയ്ക്കു് ഒരു റിപ്പോർട്ട് അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly